# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 05 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## കൊറോണ ബോധവൽക്കരണം: കേരള ആരോഗ്യ സർവകലാശാല വെബ് പേജ് തുടങ്ങി

കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ കേരള ആരോഗ്യ സർവകലാശാല നടത്തുന്ന ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി വിദ്യാർത്ഥികളിലൂടെ പൊതുജനങ്ങളെ ഏകോപിപ്പിക്കുന്നതിന് പുതിയ വെബ് പേജ് തുടങ്ങി. പൊതുജനാരോഗ്യ വിജ്ഞാനം എന്ന പേരിലാണ് വെബ് പേജ് ആരംഭിച്ചിട്ടുള്ളത്. കേരള ആരോഗ്യ സർവകലാശാലയുടെ വെബ്സൈറ്റിന്റെ ഭാഗമാണിത് തുടങ്ങിയത്. ലിങ്ക് വെബ്സൈറ്റിൽ ലഭ്യമാണ്. ഈ വെബ് പേജ് വഴി സർക്കാരിന്റെ അംഗീകൃത വിജ്ഞാന-വ്യാപന വിവരങ്ങളും പൊതുജന വിദ്യാഭ്യാസത്തിനുതകുന്ന വീഡിയോകളും ലഭ്യമാണ്. വെബ് പേജ് ലിങ്ക്: http://14.139.185.154/kuhs_new/index.php2id=3086 സർവകലാശാലക്ക് കീഴിലെ ഒരു ലക്ഷം വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി 10 ലക്ഷം വീടുകളിൽ കൊറോണ വൈറസ് ബോധവൽക്കരണം സംഘടിപ്പിക്കാനാണ് സർവകലാശാലയുടെ ലക്ഷ്യം. ഒപ്പം വൈദ്യസമൂഹത്തെ പൗരസമൂഹവുമായി കണ്ണിചേർത്ത് പുതിയ ആരോഗ്യ ബോധവൽക്കരണ കൂട്ടായ്മയും രൂപപ്പെടുത്താനും പൊതുജനാരോഗ്യ സംവിധാനം നടത്തുന്ന ശ്രമങ്ങൾക്ക് കരുത്ത് പകരാനും സർവകലാശാല ഉദ്ദേശിക്കുന്നു.

## കൊറോണ: ഇതരസംസ്ഥാന തൊഴിലാളികൾക്കായി അവരുടെ ഭാഷയിൽ പ്രചരണസംവിധാനം

നോവൽ കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക ബോധവൽക്കരണ പ്രചരണ സാമഗ്രികളൊരുക്കി ആരോഗ്യ അധികൃതർ. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങൾ, ക്യാമ്പുകൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ അവരവരുടെ ഭാഷയിൽ തയ്യാറാക്കിയ പോസ്റ്ററുകൾ പതിക്കും. കൊറോണ വൈറസ് ബാധ സംബന്ധിച്ച സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റി ഇതരഭാഷകളിൽ അനിമേറ്റഡ് വീഡിയോകൾ, ശ്രവ്യ പ്രചാരണശലകങ്ങൾ എന്നിവയും തയ്യാറാക്കും. ലേബർ വകുപ്പിൻെറ സഹായത്തോടെയാവും ഇത് നടപ്പാക്കുക. ഇത് സംബന്ധിച്ച വിശദമായ യോഗം ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ നേതൃത്വത്തിൽ ചേർന്നിരുന്നു. ഇതനുസരിച്ചാണ് ജില്ലാ മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കായി അവരുടെ ഭാഷകളിൽ ബോധവൽക്കരണ പ്രചരണ സാമഗ്രികൾ തയ്യാറാക്കുന്നത്. സമൂഹമാധ്യമങ്ങൾ, വാട്സ്അപ്പ് ഗ്രൂപ്പുകൾ എന്നിവയും പ്രചാരണത്തിനായി ഉപയോഗപ്പെടുത്തും.

## കൊറോണ: കർമ സമിതി രൂപീകരിച്ചു

കൊറോണ രോഗവുമായി ബന്ധപ്പെട്ട് തളിക്കുളം ഗ്രാമപഞ്ചായത്തും തളിക്കുളം കുടുംബാരോഗ്യകേന്ദ്രവും ചേർന്ന് വിവിധ വകുപ്പുകളുടെ ഏകോപന യോഗം നടത്തി. പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും ഹെൽത്ത് ഇൻസ്പെക്ടർ കൺവീനറും ആയി കർമസമിതി രൂപീകരിച്ചു.

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി. ഐ സജിത ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് എം കെ ബാബു അധ്യക്ഷത വഹിച്ചു. കൊറോണ രോഗവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ യോഗം ചർച്ചചെയ്തു. ഹെൽത്ത് ഇൻസ്പെക്ടർ ടി പി ഹനീഷ് കുമാർ ക്ലാസെടുത്തു. ജനപ്രതിനിധികൾ, ആശാവർക്കർമാർ അംഗൻവാടി ടീച്ചർമാർ, കുടുംബശ്രീ അംഗങ്ങൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

## കൊറോണ ബോധവൽക്കരണ ക്ലാസ്

കുന്നംകുളം നഗരസഭയിലെ വട്ടംപാടത്ത് കൊറോണ വൈറസ് ബോധവത്ക്കരണ ക്ലാസ് നടത്തി. ആർത്താറ്റ് പി എച്ച് സിയുടെ നേതൃത്വത്തിലാണ് ക്ലാസ് സംഘടിച്ചത്. ഹെൽത്ത് ഇൻസ് പെക്ടർ പ്രസന്നൻ ക്ലാസെടുത്തു. നഗരസഭ കൗൺസിലർമാരായ അനിത സുകുമാരൻ, ടി കെ ശിവദാസൻ, എ എസ് സുജീഷ് തുടങ്ങിയവർ പങ്കെടുത്തു.

തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെയും, സാമൂഹിക ആരോഗ്യ കേന്ദ്രം വാടാനപ്പിള്ളിയുടെയും ആഭിമുഖ്യത്തിൽ ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികൾക്കായി ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഡോ. സുഭാഷിണി മഹാദേവൻ ഉദ്ഘാടനം നിർവഹിച്ചു. തളിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാജിത പി.ഐ അധ്യക്ഷത വഹിച്ചു. കൊറോണ വൈറസ് പ്രതിരോധത്തെക്കുറിച്ച് ഡോ. പി.കെ രാധാകൃഷ്ണനും ആരോഗ്യ വഴികളിൽ നാടിനൊപ്പം ഞങ്ങളും എന്ന വിഷയത്തിൽ ഹെൽത്ത് സൂപ്പർവൈസർ സുബ്രഹ്മണ്യൻ.ടി.എസും ക്ലാസ്സുകൾ നയിച്ചു.

## കരുതൽ സ്പർശം പദ്ധതിയ്ക്കി തുടക്കമായി

സംസ്ഥാന വനിത ശിശു വികസന വകുപ്പിന്റെ 'കരുതൽ സ്പർശം' പദ്ധതിയുടെ തളിക്കുളം പഞ്ചായത്ത് തല ഉദ്ഘാടനം പ്രസിഡണ്ട് പി. ഐ സജിത നിവർഹിച്ചു. ഉത്തരവാദിത്തപൂർണമായ രക്ഷാകർതൃത്വം കുട്ടികൾക്ക് ഉറപ്പ് വരുത്തുന്നതിന് രക്ഷിതാക്കളെ ബോധവൽക്കരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഇ പി കെ സുഭാഷിതൻ അധ്യക്ഷത വഹിച്ചു. ജനപ്രതിനിധികൾ, അംഗൻവാടി പ്രവർത്തകർ, രക്ഷിതാക്കൾ എന്നിവർ പങ്കെടുത്തു.

## തെരുവ് നാടകം അവതരിപ്പിച്ചു

ജില്ലാ കുടുംബശ്രീ മിഷന്റെ കീഴിലെ നവധ്വനി രംഗശ്രീ ടീം അംഗങ്ങൾ 'ബേട്ടി പഠാവോ ബേട്ടീ ബചാവോ' ക്യാമ്പയിന്റെ ഭാഗമായ് അവതരിപ്പിക്കുന്ന തെരുവ് നാടകം തളിക്കുളം പഞ്ചായത്ത് ഓഫീസിന് മുമ്പിൽ അവതരിപ്പിച്ചു. കുഞ്ഞികിളി എന്ന നാടകം ജനശ്രദ്ധ ആകർഷിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് പി ഐ സജിത പരിപാടി ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഇ.പി.കെ സുഭാഷിതൻ അധ്യക്ഷത വഹിച്ചു.

## സൗജന്യ പി എസ് സി പരിശീലനം

കുന്നംകുളം ജനമൈത്രി പോലീസ് അക്കിക്കാവ് ട്രാക്ക് പരീക്ഷാ പരിശീലന കേന്ദ്രത്തിൽ മൂന്നു ദിവസത്തെ സൗജന്യ പി എസ് സി പരിശീലനം നടത്തും. ഫെബ്രുവരി 7, 8, 9 തിയ്യതികളിൽ രാവിലെ 9.30 മുതലാണ് ക്ലാസ്. ഏഴിന് കുന്നംകുളം സി ഐ കെ ജി സുരേഷ് ഉദ്ഘാടനം ചെയ്യും. ജനമൈത്രി പോലീസ് ബീറ്റ് ഓഫീസർ എസ് സുമേഷ് ക്ലാസിന് നേതൃത്വം നൽകും. ഏഴിന് ജനറൽ നോളജ്, എട്ടിന് ഇംഗ്ലീഷ്, ഒമ്പതിന് കണക്ക് എന്നീ വിഷയങ്ങളിലാണ് സൗജന്യ പരിശീലനം. ഫോൺ: 8075028883, 9544332286

# കുന്നംകുളത്ത് നിരോധിത പ്ലാസ്റ്റിക് പിടികൂടി പിഴ ചുമത്തി

കുന്നംകുളം നഗരസഭയിൽ നിരോധിച്ച 90 കിലോ പ്ലാസ്റ്റിക് ആരോഗ്യ വിഭാഗം പിടിച്ചെടുത്തു. നഗരത്തിലെ വിവിധ കച്ചവട സ്ഥാപനങ്ങളിൽ നിന്നാണ് ഇവ പിടികൂടിയത്. വിൽപന നടത്തിയവർക്ക് 10,000 രൂപ പിഴ ചുമത്തി.

ഹെൽത്ത് സൂപ്പർ വൈസർ കെ എസ് ലക്ഷ്മണൻ, ഹെൽത്ത് ഇൻസ്പെക്ടർ കെ കെ ജയകുമാർ, കമലാക്ഷി, പി എൻ രാജീവൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന. ഇനിയുള്ള ദിവസങ്ങളിലും പരിശോധന തുടരുമെന്ന് ആരോഗ്യ വിഭാഗം അറിയിച്ചു.

# അരങ്ങുണർത്തി ഒരു ഇറ്റാലിയൻ നങ്ങ്യാർ

കേരള കലാമണ്ഡലത്തിൽ ഹ്രസ്വകാല കോഴ്സ് ചെയ്യുന്ന ഇറ്റലി സ്വദേശിനി മരിയ ജോവന്ന സുമ്മോ 53മത്തെ വയസ്സിൽ കൂത്തമ്പലത്തിലെ നിറഞ്ഞ സദസ്സിനു മുന്നിൽ നങ്ങ്യാർകൂത്ത് അവതരിപ്പിച്ചു. സുഭദ്രാധനഞ്ജയം നാടകത്തിലെ രണ്ടാമങ്കത്തിൽ സുഭദ്രയുടെ തോഴിയായി പ്രവേശിക്കുന്ന കൽപലതികയുടെ നിർവ്വഹണമായ ശ്രീകൃഷ്ണചരിതം നങ്ങ്യാർകൂത്ത് (പുറപ്പാട്) ആണ് അവതരിപ്പിച്ചത്. കലാമണ്ഡലം ഷൈലജയുടെയും കലാമണ്ഡലം സിന്ധുവിന്റെയും ശിക്ഷണത്തിൽ ഒന്നര വർഷത്തോളം നങ്ങ്യാർകൂത്ത് പഠിച്ച ജോവന്ന സുമ്മോ ഇറ്റലിയിലെ പ്രശസ്ത ഡാൻസ് തീയറ്റർ ആർട്ടിസ്റ്റ് ആണ്.

അവതരണത്തെ തുടർന്ന് കലാമണ്ഡലം വൈസ് ചാൻസലർ ഡോ. ടി. കെ നാരായണൻ ജോവന്നയെ പൊന്നാട അണിയിച്ചു. മിഴാവിൽ രാഹുൽ അരവിന്ദ്, അതുൽ, ഇടക്കയിൽ ശ്രീകുമാർ, താളത്തിൽ ശ്രീലക്ഷ്മി, ശ്രീപാർവ്വതി എന്നിവർ രംഗാവതരണത്തിന് അകമ്പടിയേകി.

# നവീകരിച്ച അയിരൂർ - ദുബായ് റോഡ് തുറന്നു

കയ്പമംഗലം പഞ്ചായത്ത് പതിനാലാം വാർഡിൽ നവീകരിച്ച അയിരൂർ - ദുബായ് റോഡ് ജനങ്ങൾക്ക് തുറന്ന് കൊടുത്തു. പഞ്ചായത്തിന്റെ സാമ്പത്തിക ആസൂത്രണ പദ്ധതിയിൽ പെടുത്തി 13,46000 രൂപ ചിലവിട്ടാണ് റോഡ് നവീകരിച്ചത്. 290 മീറ്റർ നീളത്തിൽ ടാറിംങ്ങും 100 മീറ്റർ കട്ടയുമാണ് വിരിച്ചിരിക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റ് ടി.വി.സുരേഷ് ബാബു ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്തംഗം നൂറുൽ ഹുദ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ഖദീജ പുതിയ വീട്ടിൽ, ബ്ലോക്ക് സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ സി.കെ.ഗിരിജ, പഞ്ചായത്തംഗം ജിസിനി ഷാജി, മുഹമ്മദ് ചാമക്കാല, ജലാൽ മതിലകത്ത് വീട്ടിൽ, ഇക്ബാൽ ചേന്ദമംഗലത്ത് എന്നിവർ സംസാരിച്ചു.

ഫോട്ടോ അടിക്കുറിപ്പ്: കയ്പമംഗലം പഞ്ചായത്ത് നവീകരിച്ച ദുബായ്-അയിരൂർ റോഡിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ടി വി സുരേഷ് ബാബു നിർവ്വഹിക്കുന്നു

# പശു യൂണിറ്റ്: അപേക്ഷ ക്ഷണിച്ചു

ക്ഷീരവികസന വകുപ്പ് തൃശൂർ ജില്ലയിൽ 2019-20 വർഷം പട്ടികജാതി വിഭാഗക്കാർക്ക് ഒരു പശു യൂണിറ്റ് നടപ്പാക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ആകെ ഗുണഭോക്താക്കളുടെ എണ്ണം 50 ആണ്. അതിൽ 5 ശതമാനം വികലാംഗർക്കും 15 ശതമാനം വനിതകൾക്കും സംവരണം ചെയ്തിരിക്കുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 15. അപേക്ഷ ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന ഓഫീസുകളിലോ ക്ഷീരസഹകരണ സംഘങ്ങൾ മുഖേനയോ സമർപ്പിക്കാം.

# ക്വട്ടേഷൻ

മാള ഐസിഡിഎസ് പ്രോജക്ടിലെ 145 അങ്കണവാടികളിലേക്ക് 2019-20 സാമ്പത്തിക വർഷത്തിൽ കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി പത്ത് മൂന്ന് മണി. ഫോൺ: 0480 2893269.

## ലിഫ്റ്റ് ഇറക്ടർ കോഴ്സ്

കുഴൽമന്ദം ഗവ. ഐടിഐയിൽ ലിഫ്റ്റ് ഇറക്ടർ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസി യോഗ്യരായ ആൺകുട്ടികൾക്ക് അപേക്ഷിക്കാം. ഫോൺ: 9061899611.

## തൊഴിലാളി ക്ഷേമനിധി അർദ്ധ വാർഷിക അംശദായ തുക വർദ്ധിപ്പിച്ചു

കേരള തൊഴിലാളി ക്ഷേമനിധി അർദ്ധ വാർഷിക അംശദായ തുക വർദ്ധിപ്പിച്ചു. നിലവിലെ അംശദായ തുക 12 രൂപയിൽ നിന്നും ഒരാൾക്ക് പ്രതിമാസം 7.50 രൂപ എന്ന നിരക്കിൽ 90 രൂപ അർദ്ധ വാർഷിക വിഹിതവും 180 രൂപ വാർഷിക വിഹിതവുമായാണ് ഉയർത്തിയത്.

## ദർഘാസ്

ചൊവ്വന്നൂർ അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിലെ 124 അങ്കണവാടികളിലേക്ക് 2019 -20 സാമ്പത്തിക വർഷത്തിൽ കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 18 രണ്ട് മണി. ഫോൺ: 04885 210310.

## അനധികൃത ചീനവലകൾ നീക്കം ചെയ്യാൻ നിർദേശം

നിയമവിരുദ്ധമായി സ്ഥാപിച്ചിട്ടുള്ള ചീനവലകൾ ഫെബ്രുവരി 19ന് മുൻപ് നീക്കം ചെയ്യണമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് നിർദേശം. 2010ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ വകുപ്പ് 11, 17 പ്രകാരം വ്യവസ്ഥാപിത മാർഗങ്ങളിലൂടെ ലഭിച്ച സ്ഥാവര വലകൾക്ക് രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാണ്.

ഇവ ഇല്ലാത്ത പക്ഷം പൊതുജലാശയങ്ങളിൽ സ്ഥാവര വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിന് നിയമ തടസ്സമുണ്ട്. അതിനാൽ രജിസ്ട്രേഷനും ലൈസൻസും ഇല്ലാത്ത ചീനവലകൾ ഉപയോഗിക്കുന്നവർ ഫെബ്രുവരി 19ന് മുൻപ് വലകൾ മാറ്റണമെന്നും അല്ലാത്ത പക്ഷം അവ കണ്ടു കെട്ടി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമെന്നും ഫിഷറീസ് വകുപ്പ് അറിയിച്ചു. ഇനി ഒരറിയിപ്പ് ഇതിൽ ഉണ്ടാകില്ലെന്നും ഡയറക്ടർ അറിയിച്ചു.

## ചമയ കോഴ്സ്: പ്രൊപ്പോസൽ ക്ഷണിച്ചു

തൃശൂർ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന പ്രോജക്ടിന്റെ ഭാഗമായി ട്രാൻസ്ജെന്റേഴ്സ് വ്യക്തികൾക്ക് ബ്യൂട്ടീഷൻ കോഴ്സ് നടത്തുന്നതിനും ചമയ കിറ്റ് വാങ്ങി വിതരണം ചെയ്യുന്നതിനും താൽപര്യമുള്ള സ്ഥാപനങ്ങൾ/ സന്നദ്ധസംഘടനകൾ / വ്യക്തികളിൽ നിന്നും നിബന്ധനകൾ സഹിതമുള്ള വിശദമായ പ്രൊപ്പോസൽ ക്ഷണിച്ചു. ഒരു ദിവസം 6 മണിക്കൂർ പ്രകാരം 15 ദിവസത്തിനകം പദ്ധതി പൂർത്തീകരിക്കണം. താൽപര്യമുള്ളവർ തൃശൂർ ചെമ്പൂക്കാവ് മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ഫെബ്രുവരി 12 നകം വിശദമായ പ്രൊപ്പോസൽ സമർപ്പിക്കണം. ഫോൺ: 0487 2321702.

## ഇറിഗേഷൻ ഉദ്യോഗസ്ഥരുടെ നടപടികൾ നിർത്തിവെക്കണമെന്ന് കൊടുങ്ങല്ലൂർ നഗരസഭ

നഗരസഭയിലെ 19, 20 വാർഡുകളിൽ പുഴയോരത്ത് താമസിക്കുന്ന പാവപ്പെട്ട ആളുകളെ കുടിയൊഴിപ്പിക്കുവാനുള്ള ഇറിഗേഷൻ ഉദ്യോഗസ്ഥരുടെ നടപടികൾ നിർത്തിവെക്കണമെന്ന് കൊടുങ്ങല്ലൂർ നഗരസഭ കൗൺസിൽ യോഗം ആവശ്യപ്പെട്ടു. അരനൂറ്റാണ്ടിലേറെ ഇവിടെ താമസിക്കുന്ന മുപ്പതോളം കുടുംബങ്ങൾക്കാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നോട്ടീസ് അയച്ചിരിക്കുന്നത്. പത്ത് ദിവസത്തിനകം വീട് ഒഴിഞ്ഞ് പോകണമെന്നാണ് ആവശ്യം. ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 50 ലക്ഷം

രൂപ ചെലവിൽ ലാബ് നിർമ്മിക്കുന്നതിനും കൗൺസിൽ തീരുമാനിച്ചു.നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ അദ്ധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ ഹണി പീതാംബരൻ, കൗൺസിലർമാരായ കെ എസ് കൈസാബ്, പി എൻ രാമദാസ്, സി സി വിപിൻ ചന്ദ്രൻ, വി.എം.ജോണി, ഒ.എൻ.ജയദേവൻ, ടി പി പ്രഭേഷ്, പി.ഒ.ദേവസ്സി ,പി .വി.ആശാലത എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## കരിങ്കുറ്റി അയ്യപ്പൻകാവ് താലപ്പൊലി: വെടിക്കെട്ടിന് അനുമതിയില്ല

തിരുവില്വാമല കണിയാർക്കോട് കരിങ്കുറ്റി അയ്യപ്പൻകാവ് താലപ്പൊലി തെക്കുമുറി ദേശം മാർച്ച് 14ന് വെടിക്കെട്ട് നടത്തുന്നതിനുള്ള അപേക്ഷയിൽ തൃശൂർ അഡീഷനൽ ജില്ലാ മജിസ്ട്രേറ്റ് അനുമതി നിഷേധിച്ചു. അപേക്ഷ പരിശോധിച്ചതിൽ അപേക്ഷകന് പെസോയുടെ അംഗീകാരം ഇല്ലെന്ന് വ്യക്തമായി. വെടിക്കോപ്പ് സാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള സ്ഥിരം മാഗസിൻ അപേക്ഷകന് ഇല്ല. ഈ സാഹചര്യത്തിലും വെടിക്കെട്ട് നടത്തിപ്പ് സംബന്ധിച്ച് എറണാകുളം ഡെപ്യൂട്ടി കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ് നൽകിയ നിബന്ധനകൾ പാലിക്കാത്തതിനാലുമാണ് വെടിക്കെട്ടിന് അനുമതി നിഷേധിച്ചത്.

## വേലുപ്പുള്ളി ഉത്രം വിളക്ക് മഹോത്സവം: വെടിക്കെട്ടിന് അനുമതിയില്ല

ചാലക്കുടി വേലുപ്പുള്ളി ശ്രീധർമ്മശാസ്താ ക്ഷേത്രം ഉത്രം വിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് മാർച്ച് 10, 11 തീയതികളിൽ വെടിക്കെട്ട് നടത്തുന്നതിനുമുള്ള അപേക്ഷയിൽ തൃശൂർ അഡീഷനൽ ജില്ലാ മജിസ്ട്രേറ്റ് അനുമതി നിഷേധിച്ചു. അപേക്ഷ പരിശോധിച്ചതിൽ അപേക്ഷകനും വെടിക്കെട്ട് നടത്തിപ്പുകാരനും പെസോയുടെ അംഗീകാരം ഇല്ലെന്ന് വ്യക്തമായി. വെടിക്കോപ്പ് സാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള സ്ഥിരം മാഗസിൻ അപേക്ഷകർക്ക് ഇല്ല. കൂടാതെ മാർച്ച് 11ന് പുലർച്ചെ 4.30 നാണ് അനുമതി തേടിയത്. രാത്രി 10 മണിക്ക് ശേഷവും രാവിലെ ആറ് മണിക്ക് മുമ്പും വെടിക്കെട്ടിന് അനുമതി നൽകാനാവില്ല. ഈ സാഹചര്യത്തിലും വെടിക്കെട്ട് നടത്തിപ്പ് സംബന്ധിച്ച് എറണാകുളം ഡെപ്യൂട്ടി കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ് നൽകിയ നിബന്ധനകൾ പാലിക്കാത്തതിനാലുമാണ് അനുമതി നിഷേധിച്ചത്.